പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2012 07.07.2015-ൽ മറുപടിയ്ക്ക്

# മടവൂർ സെക്ഷന് കീഴിലെ വൈദ്യുതി വിതരണം.

ചോദ്യം

ശ്രീ. ബി. സത്യൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കെ. എസ്. ഇ. ബി. മടവൂർ സെക്ഷന് കീഴിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(എ) ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| 2 | സീനിയർ സൂപ്രണ്ട് | 1 |
| 3 | സബ് എഞ്ചിനീയർ | 1 |
| 4 | സബ് എഞ്ചിനീയർ ട്രയിനി | 2 |
| 5 | ഓവർസിയർ | 5 |
| 6 | ലൈൻമാൻ | 12 |
| 7 | ഇലക്ട്രിസിറ്റി വർക്കർ | 6 |
| 8 | സീനിയർ അസിസ്റ്റന്റ് | 2 |
| 9 | കാഷ്യർ | 2 |

(ബി) മടവൂർ സെക്ഷന് കീഴിൽ പോങ്ങനാട്, പഴയചന്ത മേഖലയിൽ സ്ഥിരമായി വൈദ്യുതി സപ്ളൈ ഇല്ലാതാകുന്നതും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഈ മേഖലയിൽ സ്ഥിരമായി വൈദ്യുതി തടസ്സം ഉണ്ടാകാറില്ല. എന്നാൽ വേനൽ മഴയും, ഇടിമിന്നലും അധികമായി ഉണ്ടാകുന്ന ചില അവസരങ്ങളിൽ സാധാരണ ഗതിയിൽ കൂടുതൽ വൈദ്യുതി തടസ്സം ഉണ്ടായിട്ടുണ്ട്. തകരാറുകൾ ഉണ്ടായാൽ സമയബന്ധിതമായി വൈദ്യുതി ബന്ധം പുന:സ്ഥാപിക്കാറുണ്ട്.

(സി) വൈദ്യുതി തടസ്സം ഓഫീസിൽ വിളിച്ചറിയിച്ചാൽ ജീവനക്കാർ ഇതു സംബന്ധിച്ച് ആവശ്യമായ സത്വര നടപടി സ്വീകരിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) വൈദ്യുതി തടസ്സം വിളിച്ചറിയിച്ചാൽ ഉടൻതന്നെ പരാതി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ.